തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം- 676 502. ഫോൺ: 0494 2631230
info@temu.ac.in | www.malayalamuniversity.edu.in

## സമീക്ഷ സോഷ്യോളജി ഗവേഷണ ജേണൽ (Sociology Research Journal) പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

**സോഷ്യോളജി സ്കൂൾ**
**മലയാള സർവകലാശാല, വാക്കാട്**

## വിചിന്തനാത്മക പ്രയോഗവും സമൂഹശാസ്ത്ര ധൈഷണികതയും (Rumination Practices: Wisdom of Doing Sociology)

മലയാള സർവകലാശാല സോഷ്യോളജി സ്കൂളിന്റെ യു.ജി.സി അംഗീകൃത ജേണലായ സമീക്ഷയുടെ 2022 ൽ ഇറങ്ങുന്ന അഞ്ചാം ലക്കം, സമൂഹശാസ്ത്ര വിചിന്തനത്തിന്റെ അനിവാര്യതയിൽ ഊന്നിയുള്ളതാണ്. നാം അധിവസിക്കുന്ന സാമൂഹിക സാഹചര്യങ്ങളുമായുള്ള ബന്ധത്തേയും നമ്മെ ത്തന്നെയും മനസ്സിലാക്കാൻ സമൂഹശാസ്ത്ര പരിചിന്തനം അനിവാര്യമാണ്. നമുക്ക് പുറമേയുള്ള ലോകത്തെ മനസ്സിലാക്കി നമ്മുടെ വ്യവഹാരത്തിലും പരിചിന്തനങ്ങളിലും അത് പ്രതിഫലിപ്പിക്കുക എന്ന തിനെയാണ് സമൂഹശാസ്ത്ര വിവേകം എന്ന് പറയുന്നത്. ഈ കാഴ്ച്ചപ്പാടിനെ അടിസ്ഥാനമാക്കിയുള്ള മൗലികമായ അക്കാദമിക പ്രബന്ധങ്ങളാണ് ഈ ലക്കത്തിൽ പ്രതീക്ഷിക്കുന്നത്. മലയാള പഠനങ്ങൾക്കാണ് ജേണൽ പ്രാമുഖ്യം നൽകുന്നതെങ്കിലും പരിമിതമായ എണ്ണം ഇംഗ്ലീഷ് പ്രബന്ധങ്ങൾ കൂടി ഉൾപ്പെടു ത്തുന്നതായിരിക്കും.

അക്കാദമിക പ്രബന്ധ രചനയുടെ ചിട്ടകളിലൂന്നിയ പഠനങ്ങൾ 2022 ജൂൺ 1 ന് മുമ്പായി drsrajsoc@temu.ac.in എന്ന വിലാസത്തിൽ അയച്ചു തരിക. പ്രബന്ധ സംഗ്രഹം പ്രബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കണം. വിദഗ്ദ്ധ പരിശോധനക്കുശേഷം തെരഞ്ഞെടുക്കുന്ന പ്രബന്ധങ്ങൾ ജേണലിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഡോ. സുന്ദര രാജ്. ടി
(സ്കൂൾ ഡയറക്ടർ & ഇഷ്യൂ എഡിറ്റർ)
(ഫോൺ നമ്പർ: 7845139907)

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം

## ലേഖകരുടെ ശ്രദ്ധയ്ക്ക്

സോഷ്യോളജി ഗവേഷണജേണലിലേക്ക് പ്രബന്ധം തയ്യാറാക്കുമ്പോൾ താഴെപറയുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. A4 പേപ്പറിലായിരിക്കണം പ്രബന്ധം തയ്യാറാക്കേണ്ടത്.
2. (ISM സോഫ്റ്റ് വെയർ) ML-Revathi ലിപിയിലായിരിക്കണം മലയാളം പ്രബന്ധം.
3. Times New Roman ലിപിയിലായിരിക്കണം ഇംഗ്ലീഷ് പ്രബന്ധം.
3. വരികൾ തമ്മിൽ 1.5 ഇടയകലം (Space) പ്രബന്ധത്തിലുടനീളം പാലിക്കണം.
4. ശീർഷകവും ഉപശീർഷകവും ഖണ്ഡികയും കഴിഞ്ഞ് രണ്ട് ഇടയകലമുണ്ടായിരിക്കണം.
5. ശീർഷകം 14 പോയിന്റിലും, ഉപശീർഷകവും പ്രബന്ധശരീരവും 12 പോയിന്റിലും ആയിരിക്കണം.
6. A4 പേപ്പറിന്റെ നാലുവശവും ഒരിഞ്ച് വലിപ്പത്തിലുള്ള അതിർത്തി നിർണയിക്കണം.
7. പേജ് നമ്പർ താഴെ വലതുവശത്ത് ചേർക്കണം.
8. വാക്യാന്ത്യത്തിൽ ബിന്ദുഒഴിച്ച് മറ്റു ചിഹനം ഒഴിവാക്കുക.
9. ചിഹനത്തിനുശേഷം 1 ഇടയകലം (Space) പാലിക്കണം.
10. ചിത്രം, പട്ടിക, ഭൂപടം എന്നിവ പ്രത്യേകം പേജിൽ കൊടുക്കണം.
11. കുറിപ്പുകളും ഗ്രന്ഥസൂചിയും പ്രബന്ധാവസാനം നൽകുക..
12. പ്രബന്ധം സമർപ്പിക്കുമ്പോൾ താഴെപറയുന്ന ക്രമം പാലിക്കണം

    പുറം 0 പ്രബന്ധത്തിന്റെ പേര്, 14 പോയിന്റിൽ
    പ്രബന്ധരചയിതാവിന്റെ/പ്രബന്ധരചയിതാക്കളുടെ പേരും മേൽവിലാസവും
    ഇ-മെയിൽ വിവരങ്ങൾ

    പുറം 1 ശീർഷകം, 14 പോയിന്റിൽ
    100 വാക്കിൽ കവിയാതെയുള്ള പഠനസംഗ്രഹം
    പ്രധാനപ്പെട്ട നാലോ അഞ്ചോ താക്കോൽ വാക്കുകൾ (Key words)

    പുറം 2 പ്രബന്ധശരീരം
    പുറം - അനുബന്ധം
    പുറം - ചിത്രം, പട്ടിക, ഭൂപടം, മറ്റ് അനുബന്ധം തുടങ്ങിയവ കൃത്യമായി നമ്പറിട്ട് പ്രബന്ധശരീരത്തിൽ കാണിക്കേണ്ടതാണ്.

**പരാമർശം നൽകുന്നത് സംബന്ധിച്ച്**

1. ദേശ്പാണ്ഡെ, സതീഷ്. 2013. *സമകാലിക ഇന്ത്യ.* തൃശ്ശൂർ: ശാസ്ത്രസാഹിത്യപരിഷത്ത്.
2. Deshpande, Satish. 1999. Contemporary India. New Delhi: Penguin.

**പ്രബന്ധം അംഗീകരിക്കൽ**

ഓരോ പ്രബന്ധവും അതതുമേഖലകളിലെ വിദഗ്ധരുടെ പരിശോധനയ്ക്കുശേഷമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും പ്രസിദ്ധീകരണയോഗ്യത നേടുന്നത്.

**അഭിപ്രായങ്ങളും നിർദ്ദേശങ്ങളും**

സമീക്ഷ സോഷ്യോളജി ഗവേഷണ ജേണൽ,
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, അക്ഷരം കാമ്പസ്, വാക്കാട് പി. ഒ.,
തിരൂർ, മലപ്പുറം, കേരളം - 676 502.

**അന്വേഷണങ്ങൾ** - പ്രസിദ്ധീകരണവിഭാഗം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല